TB Movie Panel Weekly Review

**#moviepanel**

Ayla -the Daughter of War

A Must watch Emotional Drama

Written By: Athira Chandini Pillai

2017 ൽ Can Ulkay യുടെ സംവിധാനത്തിൽ പുറത്തിറങ്ങിയ Biographical Drama ഗണത്തിൽ പെടുത്താവുന്ന Turkish Movie യാണ് ' Ayla -The Daughter of War' .

"Once you Overcome the 1 -inch -tall barrier of subtitles ,you will be introduced to so many more amazing Films ".-Bong Joon -Ho(Director of Parasite )

അതെ ,ഭാഷയുടെ അതിർവരമ്പുകൾ ഭേദിച്ചു കൊണ്ട് നമുക്ക് മുന്നിലേക്ക് എത്തിയ ഒട്ടേറെ അന്യഭാഷാ ചിത്രങ്ങളിൽ ഏറ്റവും ഹൃദയ ഭേദകമെന്നു തോന്നിപ്പിക്കുന്നതും ഒരുപക്ഷെ ഞാൻ കണ്ടതിൽ വച്ച് എന്നെ ഏറ്റവും നൊമ്പരപ്പെടുത്തിയതുമായ സിനിമ.

1945 ലെ Second World War -ന് 5 വർഷങ്ങൾക്കു ശേഷം നോർത്ത് കൊറിയ സൗത്ത് കൊറിയ്ക്കു എതിരെ അക്രമം അഴിച്ചു വിടുന്ന കാലമാണ് സിനിമയുടെ കാലഘട്ടം.

ആ യുദ്ധ കാലത്തു സൗത്ത് കൊറിയയെ സഹായിക്കാനായി തുർക്കി സൈന്യം അയക്കുന്ന 4500 പട്ടാളക്കാരോടൊപ്പം മെക്കാനിക് ആയി സുലൈമാൻ പോകുന്നു.

യുദ്ധത്തിന്റെ അവശേഷിപ്പുകളിൽ നിന്നും ഒരു കൊച്ചു കുഞ്ഞിനെ സുലൈമാന് ലഭിക്കുന്നു.

നിലാവുള്ള ഒരു രാത്രിയിൽ അവർക്കു കിട്ടുന്ന ആ കുഞ്ഞു മാലാഖക്കു അവർ നിലാവ് എന്ന് അർഥം വരുന്ന ‘Ayla ‘എന്ന് പേരിടുന്നു.

രക്തബന്ധതിനപ്പുറം സ്നേഹത്തിന്റെ നൂലിഴകളാൽ തുന്നിച്ചേർത്ത സുലൈമാനും Ayla യും തമ്മിലുള്ള ആത്മ ബന്ധം നമ്മുടെ ഹൃദയത്തെ കീറിമുറിക്കാൻ ഉതകുന്നതെന്നു പറയാതെ വയ്യ.

സുലൈമാൻ എന്ന പട്ടാളക്കാരനും Ayla എന്ന പെൺകുട്ടിയും ഒരു എഴുത്തുകാരന്റെ ഭാവന അല്ലെന്നും സിനിമ ഒരു Real Story ആണെന്നും അറിയുമ്പോൾ അത് കൂടുതൽ വൈകാരിക തലങ്ങളിലേക്കു നമ്മെ കൊണ്ട് നിർത്തുന്നു.

സൗത്ത് കൊറിയയിലെ പട്ടാള ക്യാമ്പിൽ 15 മാസം തന്നോടൊപ്പം താമസിക്കുന്ന Ayla യെ ഉപേക്ഷിച്ചു സുലൈമാന്റെ തുർക്കിയിലേക്കുള്ള തിരിച്ചു പോക്ക് ആരുടേയും കരളലിയിപ്പിക്കുന്നതാണ്.

പിന്നീട് 20 -ഉം 3 0 ഉം വർഷങ്ങൾ പിന്നിടുമ്പോൾ സുലൈമാന് മുന്നിൽ വന്നേക്കാവുന്ന ഒട്ടനവധി Ayla മാർക്കിടയിൽ ഈ കൊച്ചു കുഞ്ഞിനെ അയാൾ മറന്നിരിക്കുമോ?

സുലൈമാന്റെ ഓർമകളിൽ Ayla ഉണ്ടെങ്കിൽ തന്നെ തന്ടെ അച്ഛനെന്നു വിശ്വസിച്ചിരുന്ന സുലൈമാൻ ഉപേക്ഷിച്ചു പോയപ്പോൾ ഒറ്റയ്ക്കാക്കപ്പെട്ട 5 വയസുകാരി Ayla യുടെ ഓർമകളിൽ ആ സ്നേഹത്തിന്റെയും കരുതലിന്റെയും അവശേഷിപ്പുകൾ ഉണ്ടാകുമോ?

കഥയപ്പോഴും അവസാനിക്കുന്നില്ല ,60 വർഷങ്ങൾക്കിപ്പുറം 2010 ലാണ് സിനിമയുടെ ക്ലൈമാക്സ് നമ്മെ കൊണ്ട് നിർത്തുന്നത്.

പ്രേക്ഷകനെ മുൾമുനയിൽ നിർത്തുന്ന കഥാന്ത്യം നമ്മുടെ ഹൃദയത്തിലെ എല്ലാ നീരുറവകളും ഒരേ നിമിഷം പൊട്ടിത്തകരുന്നതായി തോന്നിപ്പിക്കും എന്നതിൽ സംശയമില്ല.

കണ്ണുകൾ കൊണ്ടല്ല ഹൃദയം കൊണ്ട് കാണേണ്ട സിനിമയാണ്' Ayla -The Daughter Of War '

Ayla -എന്ന കഥാപാത്രമായി എത്തുന്ന Kim seol എന്ന 5 വയസുകാരി അസാമാന്യമായ അഭിനയം കാഴ്ചവച്ചിരിക്കുന്നു.

Ayla യുടെ നിഷ്കളങ്കമായ മുഖം നമ്മെ ഓർമിപ്പിക്കുന്നത് യുദ്ധത്തിന്റെ അവശേഷിപ്പുകളായി അനാഥരാക്കപ്പെടുന്ന കുഞ്ഞുങ്ങളെയാണ്.

2 മണിക്കൂർ നീണ്ടു നിൽക്കുന്ന ഈ സിനിമ സമ്മാനിക്കുന്നത് നമുക്ക് കിട്ടാവുന്നതിൽ വച്ച് ഏറ്റവും മികച്ചതെന്ന് തോന്നിപ്പിക്കുന്ന ഒരു സിനിമ അനുഭവമാണ്.

സിനിമയുടെ മലയാളം subtitle ലഭ്യമാണ്